


# SAPIENCE



ലിറ്റിൽ കൈറ്റ്സ് ഇ മാഗസിൻ



ജി വി എച്ച് എസ് എസ് മലമ്പുഴ

Technology is the best

when it brings people

TOGETHER

# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസം മികവുറ്റതാക്കി മാറ്റുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം . ഇതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ ഹൈടെക്കായി മാറുകയാണല്ലോ.... വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ  കുട്ടികൾക്കും പരിചിതമാക്കുന്നതിനായി വിദ്യാലയങ്ങളിൽ ആവിഷ്കരിച്ച പദ്ധതിയാണ്  ലിറ്റിൽ കൈറ്റ്സ്. കേരളത്തിലെ വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിൽത്തന്നെ ചർച്ചാ വിഷയമായ ഈ പദ്ധതിയിലെ കണ്ണിക്കാരെന്ന നിലയിൽ ഞങ്ങൾ അഭിമാനിക്കുന്നു.

പുസ്തക വായന ഇ -വായനയിലേക്ക് വഴിമാറുന്ന ഈ യുഗത്തിൽ ഇവിടെ ഞങ്ങളുടേതായ ഒരിടം കണ്ടെത്താൻ  ഈ മാഗസിനിലൂടെ സാധ്യമാകുമെന്ന പ്രതീക്ഷയോടെ..........

എഡിറ്റോറിയൽ ബോർഡ്

ആശ്രിത
ഗോപിക
ഹരിപ്രിയ
അഖിലേഷ്



# ആശംസ

ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ
വിദ്യാർത്ഥികൾ തയ്യാറാക്കുന്ന
ഡിജിറ്റൽ മാഗസിന് എല്ലാവിധ
ആശംസകളും നേരുന്നു.

ദേവിക കെ സി
പ്രധാനാധ്യാപിക

## ആശംസ



*I am glad to know that "Little Kites"G.V.H.S.S malampuzha is releasing digtal magazine to highighting the developments in the field of information technology. I convey my best wishes for your valuable efforts to publish such a magazine.*

**MURALI.T.N**

**PRINCIPAL**



## ആശംസ

പ്രിയപ്പെട്ട വിദ്യാർത്ഥികൾക്ക്,

തങ്ങളുടെ ഉള്ളിൽ
ഉറങ്ങിക്കിടക്കുന്ന
സർഗവാസനകളെ
തൊട്ടുണർത്താൻ കിട്ടിയ
അവസരം പരമാവധി
ഉപയോഗപ്പെടുത്തി
വിവരസാങ്കേതിക വിദ്യയുടെ
സഹായത്താൽ നിർമ്മിക്കുന്ന
മാഗസിൻ എന്ന സ്വപ്നപദ്ധതിക്ക്
VHSE വിഭാഗത്തിന്റെ ഒരായിരം
ആശംസകൾ .

വിദ്യ
വി എച്ച് എസ് ഇ
പ്രിൻസിപ്പൽ

## ആശംസ



**കേരളത്തിലെപൊതുവിദ്യാലയങ്ങൾമികവിലേക്കു യരുകയാണ്.  എല്ലാക്ലാസ്സുറികളും ഹൈടെക് ആവുകയാണ്. ഭൗതിക സൗകര്യങ്ങളിൽ കോടിക്കണക്കിന് രൂപയുടെവികസനമാണ് ഉണ്ടായികൊണ്ടിരിക്കുന്നത്.**

ഈ മികവുകൾ കുട്ടികളുടെ അക്കാദമിക രംഗത്തും ദൃശ്യമാണ്.വിവിധ വിഷയങ്ങളിൽ ഇതിനുള്ള ധാരാളം തെളിവുകൾ കാണാവുന്നതാണ്.

വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഈ കാലത്ത് ഈ മേഖലയിൽ കുട്ടികളെ വളർത്തി ക്കൊണ്ട് വരിക എന്ന ലക്ഷ്യബോധത്തോടെയാണ് “ ലിറ്റിൽ കൈറ്റ്സ് ” എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഐടി പഠനത്തിൽ നേതൃപരമായ പങ്ക് വഹിക്കുന്നതോടപ്പം വിദ്യാലയത്തിലെ കമ്പ്യൂട്ടറുകളിലെ സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയിലാവശ്യമായ അറ്റകുറ്റ പണികളും കൊച്ചു കമ്പ്യൂട്ടർ വിദഗ്ധർ നടത്തിവരുന്നത് സന്തോഷം നൽകുന്നു.
**ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നൽകുന്നതോടൊപ്പം സംരഭത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.**

**ശിവപ്രസാദ്**
**പി ടി എ പ്രസിഡന്റ്**



# WE THE LITTLE KITES

# ഉള്ളടക്കം

## കവിത


10 കൗതുകം
അനാമിക 10 D
11 നിലവിളി
13 പച്ചക്കറികളുടെ മേളം
41 സ്നേഹം ഗോപിക 9 D
16 സ്വപ്നത്തിലെ കാഴ്ചകൾ
17 അതിജീവനം വീരാൻകുട്ടി
19 ഊഴം ജയലക്ഷ്മി
27 കാട്ടുകൂട്ടം ആശ്രിത 9D
32 മടക്കം അന്ന 10C


## ജീവചരിത്ര കുറിപ്പ്


22 കുഞ്ഞുണ്ണി മാഷ്
23 സുഗതകുമാരി
24 വൈക്കം മുഹമ്മദ് ബഷീർ
25 എഴുത്തച്ഛൻ
26 ചെറുശ്ശേരി


## കഥ


14 പിശുക്കൻമാർ
മുത്തശ്ശി കഥ
20 ആത്മനിയന്ത്രണമില്ലാത്ത ആമ
( പഞ്ചതന്ത്രകഥ )
29 സഹോദര ശ്രുതി


## അനുഭവക്കുറിപ്പ്


31 ലിറ്റിൽ കൈറ്റ്സ്


## ഫലിതം


12 തീർന്നു
18 കിട്ടിയതിൽ പാതി
33 മലയാളം പഴംചൊല്ലുകൾ
34 നാം ചെയ്യേണ്ടത്
35 ഐടി ക്വിസ്
57 परयावरण्
58 मोर
59 तुम्ही हो माता
43 Ubuntu poem
44 Quiz
50 Afflatus soldiers Gopika 9 D
51 Hazards of plastics Gopika9D
53 merits and demerits of mobile phones
60 people who made our dream come true


**Hyper link page TO WIKI**

# മലയാള വിഭാഗം


# കൗതുകം

കളിത്തോഴൻ തന്നൊരു
മയിൽപ്പീലിത്തുണ്ട്
പെറ്റുപെരുകുവാൻ വച്ചു
പുസ്തകത്താളിൽ
മാനം മുട്ടും മോഹമല്പം
ചുരണ്ടിച്ചേർത്ത്
മാനം കാണാതടച്ചു വച്ചു

ഇന്നലെയെൻ പഴയ പുസ്തക-
താളുകൾ തുറന്നു നോക്കവേ
ഊർന്നു വീണാപ്പീലി
തിളങ്ങുന്ന കണ്ണാലെന്നെ
നോക്കിച്ചിരിച്ചു
പെറ്റില്ല ഞാനിനിയുമെന്നാ
കൺകളിലൊരു നാണം

അനാമിക X D

# നിലവിളി



ഇന്നലെ ചന്തയിൽ വിൽക്കുവാൻ

വച്ച മാംസപിണ്ഡത്തിന്റെ

കൺകളിൽ കാണ്മത് ദൈന്യത,

പങ്കുവയ്ക്കരുതേയെന്ന യാചന.

ദേവു IX C

# ഫലിതം




## തീർന്നു

ഒരിക്കൽ ഒരു യുവാവ് ഒരു നാടകം എഴുതി.അതിൽ വേണ്ട തിരുത്തുകൾ വരുത്താൻ പ്രശസ്ത സാഹിത്യകാരനായ ബർണാഡ് ഷായെ ഏൽപ്പിച്ചു.

പിന്നീട് കണ്ടപ്പോൾ യുവാവ് ചോദിച്ചു: 'സർ, നാടകം ഏൽപ്പിച്ചിരുന്നു. തീർന്നോ?'

'തീർന്നു....തീർന്നു!'

"എങ്കിൽ തിരിച്ചുതരണേ."

"അതല്ല...തിരുത്തിത്തിരുത്തി **പെൻസിൽ തീർന്നെന്നാ പറഞ്ഞത്."**




© Can Stock Photo

# പച്ചക്കറികളുടെ മേളം

കുടവയറൻ കുമ്പളങ്ങ,
ചെണ്ടകൊട്ടിടുന്നു,
വഴുതനങ്ങ വന്നു വേഗം
തിമില കൊട്ടിടുന്നു,
വീർത്തുരുണ്ട വെള്ളരിക്ക
കൊട്ടിടുന്നിടയ്ക്കു,
നീണ്ടുരുണ്ട പടവലങ്ങ
കൊമ്പുമായ് വരുന്നു,
ഇഞ്ചി വന്നു കൊട്ടിടുന്നു,
"ജിംജിം" ഇലത്താളം,
ചന്തയിൽ മുഴങ്ങിടുന്നു
ചന്തമുള്ള മേളം!
കണ്ടുനിന്നു താളമിട്ടു ചേമ്പു, ചേന,ചീര,
മാങ്ങ, കായ, കക്കരിക്ക,
തേങ്ങ, ക്രൂർക്ക, ചക്ക!

–



# പിശുക്കൻമാർ

മുത്തശ്ശി കഥ പറയാൻ തുടങ്ങി.....

അയാൾ വലിയ ഒരു ധനവാനായിരുന്നെങ്കിലും അറുപിശുക്കനായിരുന്നു. ഒരു ചില്ലിക്കാശിനുവേണ്ടി മരിക്കാൻപോലും തയ്യാറുള്ള അറുപിശുക്കൻ!

അയാളുടെ മകളൊരു സുന്ദരിയാണ് കേട്ടോ.മകൾക്ക് വിവാഹാലോചനയുമായി പലരും അയാളുടെ അടുത്തെത്തി. എന്നാൽ

അയാൾക്ക് ഈ ആലോചനകളൊന്നും ഇഷ്ടപ്പെട്ടതേയില്ല. തന്നേക്കാൾപിശുക്കനായ ഒരുവനേയല്ലാതെ തന്റെ മകളെ ഏൽപ്പിച്ചാൽ അവളുടെഭാവി എന്താവും!! ഇതായിരുന്നു അയാളുടെ ചിന്ത.

ഒരു ദിവസം നമ്മുടെ പിശുക്കൻ തന്റെ മകൾക്ക് പറ്റിയ ഒരു ഭൂലോകപിശുക്കനെയന്വേഷിച്ച് പുറപ്പെട്ടു. പല പല നാടുകളിൽ അന്വേഷണം നടത്തി. എന്നിട്ടും അയാൾ ആഗ്രഹിച്ചതുപോലുള്ള ഒരുത്തനെ കിട്ടിയില്ല.അവസാനം നടന്ന് നടന്ന് അയാൾ ഒരു പുഴയുടെ കരയിൽ വന്നിരുന്നു.


വിശന്നു വലഞ്ഞ അയാൾ ഭക്ഷണത്തിനായി തന്റെ വീട്ടിൽനിന്ന്കൈയ്യിൽ കൊണ്ടുവന്ന കൽക്കണ്ടപ്പൊതിയുമായി പുഴയിലിറങ്ങി. പൊതിയിൽനിന്ന് ഒരു നുള്ള് കൽക്കണ്ടപ്പൊടിയെടുത്ത് വെള്ളത്തിൽ കലക്കി .ഒരഞ്ചാറു കൈക്കുമ്പിൾ വെള്ളം കോരി കുടിച്ചു. അങ്ങനെ

ഉച്ചഭക്ഷണംകഴിച്ചു എന്ന തൃപ്തിയോടെ അയാൾ പുഴയുടെ കരയിലുള്ള ഒരു കല്ലിൽ ഇരുന്നു.

ഇതെല്ലാം കണ്ടുകൊണ്ട് പുഴക്കരയിലിരുന്ന ഒരു യുവാവിന് പിശുക്കന്റെ സ്വഭാവം ശരിക്കും പിടികിട്ടി! മൂപ്പരെ ഒന്നു പറ്റിക്കണമെന്നു കരുതി യുവാവ് ഒരു കഷ്ണം കൽക്കണ്ടം ഒരു നൂലിൽ കെട്ടിക്കൊണ്ട് പുഴയിലിറങ്ങി.

പുഴയിലിറങ്ങിയ യുവാവ് കൽക്കണ്ടത്തിന്റെ നിഴൽ കണ്ട ഭാഗത്തുനിന്ന് രണ്ട് മൂന്ന് കൈക്കുമ്പിൾ വെള്ളം കോരിക്കുടിച്ച് ഏമ്പക്കംവിട്ടു കൊണ്ട് കരയിൽ കയറി മറ്റൊരു പാറയിലിരുന്നു.

ഇതെല്ലാം കണ്ടുകൊണ്ടിരുന്ന പിശുക്കന് തന്നേക്കാൾ വലിയഒരു പിശുക്കനെകണ്ടെത്തിയതിലുള്ള സന്തോഷം പിന്നെ പറയേണ്ടതുണ്ടോ? ആ ഭൂലോകപിശുക്കനായ യുവാവിനുതന്നെ അയാൾ തന്റെസുന്ദരിയായ മകളെ വിവാഹം കഴിച്ചു കൊടുത്തു .



മുത്തശ്ശിക്കഥ

സമ്പാദനം : ഉത്രജ

# സ്വപ്നത്തിലെ കാഴ്ചകൾ

ഒരിക്കൽ ഒരു രാത്രിയിലെ സ്വപ്നത്തിൽ
ഞാനേകയായി ഒരു മാന്ത്രികവനത്തിലെ
വെളിച്ചത്തിൽ നിന്നു
മനസ്സുനിറയെ കാഴ്ചകൾ പോപ്പി
പുഷ്പങ്ങൾപോലെ പൊട്ടിവിടർന്നു
അവിടെ പാടിയ പക്ഷികൾ സത്യത്തിന്റെ
ദേവതകളായിരുന്നു
മിന്നിത്തിളങ്ങിയ നക്ഷത്രങ്ങൾ
സ്നേഹത്തിന്റെ ദേവതകളായിരുന്നു
അവിടെ ഒഴുകിയ അരുവികൾ
സമാധാനത്തിന്റെ ദേവതകളായിരുന്നു.
ആ നിദ്രയുടെ നാട്ടിലെ ആ മാന്തികവനത്തിൽ.
ഏകയായി ആ മാന്ത്രികത്തോപ്പിലെ
വെളിച്ചത്തിൽ
എനിക്കനുഭവപ്പെട്ടു, സ്നേഹത്തിന്റെ
ആത്മാക്കളായി ആ നക്ഷത്രങ്ങൾ
ലോലമായ എന്റെ യുവത്വത്തിനുചുറ്റും
ഒത്തുകൂടി മിന്നുന്നതായി,
ഞാൻ കേട്ടു സത്യത്തിന്റെ ആത്മാക്കളുടെ
ഗാനം.
എന്റെ അഭിലാഷങ്ങളെ ശമിപ്പിക്കുന്നതിലേക്ക്,
ഞാൻ പ്രണമിച്ചു, സമാദാനത്തിന്റെ ആത്മാക്ക
ളായ ഒഴുകുന്ന അരുവികൾക്കരികിൽ
ഉറക്കത്തിന്റെ നാട്ടിലെ ആ മാന്ത്രികവനത്തിൽ.

***വിവർത്തനം :*** ***(Song of the dream)***

# അതിജീവനം

ഈകുഞ്ഞുപുല്ലിന് വേനലിനെ
അതിജീവിക്കാനാവുമോ

കൊന്നമരമേ വെയിലിനെ
ഉരുക്കി സ്വർണ്ണമാക്കി
കാതിലണിയുന്നപണി
അതിനെ പഠിപ്പിക്കണേ

ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കാതിലണിയുന്നപണി
അതിനെ ശീലിപ്പിക്കണേ......

അല്ലെന്നാൽ,
ചെറുതല്ലേ എന്നുവച്ച്
വേനൽ അതിനെ
പച്ചയ്ക്ക് തിന്നുകളയും

വീരാൻ കുട്ടി

# കിട്ടിയതിൽ പാതി

കള്ളൻ ഗുമ്മ മോഷ്ടിക്കാൻ ഒരു വലിയ വീട് കണ്ടുവെച്ചു. രാത്രിയിൽ അവിടെ മോഷ്ടിക്കാൻ എത്തിയപ്പോൾ അതാ മറ്റൊരു കള്ളൻ-തിമ്മ!

"ഹും, ഞാനിവിടെ മോഷ്ടിക്കും.നീ നിന്റെ പാട്ടിനു പോ." അവർ തർക്കമായി.ഒടുവിൽ ഗുമ്മ പറഞ്ഞു: "ഞാൻ കയറി മോഷ്ടിക്കാം.കിട്ടുന്നതിൽ പാതി തന്നേക്കാം."

അതു സമ്മതിച്ച് സന്തോഷത്തോടെ തിമ്മ പുറത്തു നിന്നു.ഗുമ്മ മതിൽ ചാടി അകത്തു കയറി.അല്പം കഴിഞ്ഞപ്പോൾ ഗുമ്മ തിരിച്ചെത്തി.എന്നിട്ട് തിമ്മുവിന്റെ കൈ പിടിച്ച് ഒറ്റക്കടി!

"ഹയ്യോ...ഇതെന്താ?"



*"കിട്ടിയതിൽ പാതി തന്നതാ.അവിടത്തെ പട്ടി എന്നെ രണ്ടു തവണ കടിച്ചു."*

*വിലാസ്*



# ഊഴം

നീണ്ട വർഷങ്ങൾ സഹയാത്രികരായി
നാമീ മണ്ണിൽ കഴിയവേ
എത്രയെത്ര സുഖദുഃഖങ്ങൾ, ആശകൾ,
നിസ്സഹായതകൾ നാം ഏറ്റുവാങ്ങിയില്ലാ.....

പരസ്പരം ചാഞ്ഞും ചരിഞ്ഞും
ഒരേ ശ്വാസമായി, ഒരേ താളമായി
നാം ഒരേ മനമായി
കൈകോർത്തു പിടിച്ചതല്ലേ ജിവിതത്തെ?
ഇനി യാരുടെയൂഴമാണാവോ ആദ്യം
വന്നണയുന്നതുമേകാകിയാവതും
ആരറിഞ്ഞു നിയതിതൻ വിളയാട്ടം?
ഒന്നു മാത്രമേ ചെയ്യാനുള്ളൂ
ക്ലാവു പിടിച്ചോരോർമ്മകളെ തേച്ചുമിനുക്കി
പറയാതെ പറഞ്ഞും പറയാൻ വിട്ടതു-
മായ സ്വപ്നങ്ങൾ,ഭയാശങ്കകൾ പങ്കു വെയ്ക്കാം.
ഊഴമെത്തുംവരെ കഴിഞ്ഞുപോയ
ദിനങ്ങൾ തൻ മാധുര്യം നുകരാം
***ശാന്തമായി ഊഴം കാത്തിരിക്കാം***

***ജയലക്ഷ്മി(അധ്യാപിക)***

# ആത്മനിയന്ത്രണമില്ലാത്ത ആമ

പണ്ട് ഒരു തടാകത്തിൽ ഒരു ആമ പാർത്തിരുന്നു. ഒരു വർഷം വേനൽക്കാലം വന്നപ്പോൾ തടാകം വറ്റി വരളാൻ തുടങ്ങി. അതിലെ മീനുകളെല്ലാം ചത്തുതുടങ്ങി. ആമയും ഭക്ഷണം കിട്ടാതെ മരിക്കുമെന്ന സ്ഥിതിയിലായി.

തടാകത്തിനടുത്ത് രണ്ട് കൊക്കുകൾ താമസിച്ചിരുന്നു. അവർക്ക് ആമയെ രക്ഷിക്കണമെന്ന് തോന്നി. അവർ ആമയെ ധാരാളം വെള്ളമുള്ള മറ്റൊരു തടാകത്തിലേക്കു കൊണ്ടുപോകാമെന്ന് പറഞ്ഞു. വേഗത്തിൽ നടക്കാനറിയാത്ത ആമയെ എങ്ങനെ കൊണ്ടുപോകും!

കൊക്കുകൾ ഒരു നീളമുള്ള കമ്പ് കൊണ്ടുവന്നിട്ട് ആമയോട് അതിൽ കടിച്ചുപിടിക്കാൻ പറഞ്ഞു.ആമ കമ്പിൽ കടിച്ചു പിടിച്ചു. "ഞങ്ങൾ പറയാതെ ഈ വായ ഇനി തുറക്കരുത്." എന്ന് പറഞ്ഞു കൊണ്ട് കൊക്കുകൾ കമ്പിന്റെ രണ്ടുവശവും ഓരോരുത്തരായി കൊക്കിൽ കൊത്തിപ്പിടിച്ച് പറന്നുയർന്നു.

വഴിക്ക് ആമ ഒരു മൈതാനം കണ്ടു.അവിടെ കളിച്ചിരുന്ന കുട്ടികൾ ആമയെ കൊക്കുകൾ കൊണ്ടുപോകുന്നതു കണ്ട് ആർത്തുവിളിച്ചു. അപ്പോൾ ആമയ്ക്ക് അവരെ ശകാരിക്കണമെന്നുതോന്നി. അതിനായി വായ തുറന്നതും അവന്റെ പിടിത്തം കമ്പിൽ നിന്ന് വിട്ടു.

"പ്ട്ധീം." ആമ താഴേക്കു വീണു. അവന്റെ ശരീരം കല്ലിൽ ഇടിച്ച് തകർന്നു. ആമ ചത്തു.


*ആത്മനിയന്ത്രണമില്ലാതിരുന്നാൽ നാം ഈ ആമയെപ്പോലെ അപകടങ്ങളിൽ അകപ്പെടും.*

*പഞ്ചതന്ത്രം കഥ*



ഉത്തര IX D

# ജീവചരിത്രക്കുറിപ്പ്



## കുഞ്ഞുണ്ണി മാഷ്


(1927-2006)

കേരളത്തിലെ ബാലസാഹിത്യ രംഗത്ത് അതിപ്രശസ്തനായ കുഞ്ഞുണ്ണി മാഷ് 1927 മെയ് 10-ന് തൃശ്ശൂർ ജില്ലയിൽ വലപ്പാട്ട് ജനിച്ചു. സ്കൂൾ അധ്യാപകനായി സേവനമനുഷ്ഠിച്ചു. കുട്ടികളുടെ കഥകളും കുഞ്ഞുകവിതകളുമാണ് മാഷിന്റെ സാഹിത്യ സംഭാവനകൾ. രൂപപരമായി കുഞ്ഞുണ്ണി കവിതകൾ പഴഞ്ചൊല്ലുകളോടും നാട്ടുമൊഴികളോടും അടുത്തു നിൽക്കുന്നു. ചിരിയേക്കാൾ ചിന്തയെ ഉണർത്തുന്ന കുഞ്ഞുണ്ണി മാഷുടെ കവിതകൾ ഏതു തരക്കാരനും ആസ്വാദ്യമാണ്. അമൃതകഥകൾ, അക്ഷരത്തെറ്റ്, ഊണുതൊട്ടുറക്കം വരെ, കുഞ്ഞുണ്ണിക്കവിതകൾ, കുട്ടിക്കവിതകൾ, കുറുംകവിതകൾ, പഴഞ്ചൊല്ലുകൾ തുടങ്ങി ധാരാളം കൃതികൾ രചിച്ചു. അക്ഷരത്തെറ്റിനും കുഞ്ഞുണ്ണിക്കവിതകൾക്കും കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.2006 മാർച്ച് 26-ന് അന്തരിച്ചു.



# സുഗതകുമാരി (1934)

1934-ൽ ജനുവരിയിൽ ജനിച്ചു. മലയാള കവയത്രിയും സാമൂഹ്യപ്രവർത്തകയും.കവി ബോധേശ്വരന്റെ മകൾ.വിവിധ കോളേജുകൾ പ്രൊഫസറായിരുന്നു.പാതിരാപ്പൂക്കൾ എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ്, രാത്രിമഴക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് തുടങ്ങി പല അവാർഡുകളും നേടി. അമ്പലമണി, പാവംമാനവഹൃദയം, മുത്തിച്ചിപ്പി, ഇരുൾച്ചിറകുകൾ തുടങ്ങി ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്.ലളിതമായ ഭാഷ തീക്ഷ്ണമായ ആഖ്യാനശൈലി, നിർഭയമായ വികാര പ്രകടനം, യഥാതഥമായ ആവിഷ്കാരം ഇവ കവയിത്രിയുടെ മുഖമുദ്രയാണ്.വൃക്ഷമിത്ര അവാർഡും ലഭിച്ചിട്ടുണ്ട്.കേരളത്തിലെ പ്രഥമ വനിതാകമ്മീഷൻ അധ്യക്ഷയായും പ്രവർത്തിച്ചു. ഇപ്പോൾ 'അഭയ'എന്ന സാമൂഹികസംഘടനയുടെ ചുമതല.



# വൈക്കം മുഹമ്മദ് ബഷീർ (1910-1994)

1910-ൽ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ച ബഷീർ മലയാള ചെറുകഥയെയും നോവലിനെയും പുതിയ മാർഗത്തിലൂടെ നയിച്ചു.സവിശേഷമായൊരു വ്യക്തിത്വവും കാഴ്ചപ്പാടും ശൈലിയും കഥകളെ പെട്ടെന്ന് ശ്രദ്ധേയമാക്കി.1972-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്നേടി.ധാരാളം ഫെലോഷിപ്പുകളും ഡോക്ടറേറ്റും ലഭിച്ചു.

***പാത്തുമ്മയുടെ ആട്, ബാല്യകാലസഖി, ശബ്ദങ്ങൾ, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, മുച്ചീട്ടുകളിക്കാരന്റെ മകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, ആനവാരിയും പൊൻകുരിശും, മതിലുകൾ, പ്രേമലേഖനം തുടങ്ങിയവ പ്രധാന കൃതികളാണ്. ഓരോ കൃതിയും വായനക്കാരനെ ചിരിപ്പിക്കുക മാത്രമല്ല, ചിന്തിപ്പിക്കുക കൂടി ചെയ്യുന്നു.1994 ജൂലൈ 5-ന് ബഷീർ ഈ ലോകത്തോട് യാത്ര പറഞ്ഞു.***



# എഴുത്തച്ഛൻ (എ.ഡി. 16-ാം ശതകം)

ഇദ്ദേഹത്തെ ആധുനിക മലയാളഭാഷയുടെ പിതാവെന്നു വിളിക്കുന്നു. പൊന്നാനി താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറുള്ള തുഞ്ചത്ത് തറവാട്ടിലാണ് ജനിച്ചതെന്നു വിശ്വസിക്കുന്നു.സംസ്കൃതം, വേദാന്തം,തമിഴ് തുടങ്ങിയവ അഭ്യസിച്ചിരുന്നു.

***എ.ഡി. 16-ാം ശതകത്തിൽ ജീവിച്ചിരുന്നതായി കരുതുന്നു. അധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, ഉത്തരരാമായണം, ചിന്താരത്നം, ദേവീമാഹാത്മ്യം, കൈവല്യനവനീതം, ഹരിനാമകീർത്തനം തുടങ്ങി ഒട്ടേറെ കൃതികൾ എഴുത്തച്ഛന്റേതാണെന്ന് വിശ്വസിക്കപ്പെടുന്നു. സംസ്കൃതപദങ്ങൾ ഇടകലർന്നതെങ്കിലും ലളിതഭാഷയിലൂടെ, നാടൻവൃത്തങ്ങളിലൂടെ മലയാളസാഹിത്യത്തിനും ഭാഷയ്ക്കും ഒരു സ്ഥായിത്വം നൽകിയത് ഇദ്ദേഹമാണ്.***

# ചെറുശ്ശേരി (1475)



പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ജീവിച്ചിരുന്ന മഹാകവിയാണ് ചെറുശ്ശേരി. ഉത്തരകേരളത്തിലെ കുറുമ്പ്രനാട് താലൂക്കിൽ ചെറുശ്ശേരി ഇല്ലത്തിൽ ജനിച്ചു എന്നു കരുതുന്നു. കോലത്തുനാട്ടിലെ രാജാവായ ഉദയവർമൻ കോലത്തിരിയുടെ സദസ്യനായിരുന്നുവെന്ന് കൃഷ്ണഗാഥയിലൊരിടത്ത് കാണുന്നു. കോലത്തിരിയുടെ ആജ്ഞയനുസരിച്ചാണ് കൃഷ്ണഗാഥ രചിക്കപ്പെട്ടതെന്ന് കരുതുന്നു. അഗാധസൗന്ദര്യസങ്കൽപ്പത്തിനുടമയായ ഇദ്ദേഹത്തിന്റേതായി കൃഷ്ണഗാഥ മാത്രമെ കിട്ടിയിട്ടുള്ളൂ. കൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള ഭാഗമാണ് കൃഷ്ണഗാഥയ്ക്ക് ഇതിവൃത്തം. മഞ്ജരീവൃത്തത്തിന്റെ മാധുര്യം മലയാളിക്ക് നുകരുവാൻ ഇതിലപ്പുറം നല്ലൊരു കൃതി വേറെ ഇല്ല തന്നെ. എഴുത്തച്ഛന് ഏകദേശം ഒരു നൂറ്റാണ്ട് മുമ്പ് (1475) ആയിരുന്നു ജീവിതകാലം.

# കാട്ടുകൂട്ടം

മരത്തിലുണ്ടൊരു കുരങ്ങച്ചൻ
കോക്രികൾ കാട്ടി രസിക്കുന്നു
കുളത്തിലുണ്ടൊരു മുതലച്ചാർ
നീന്തി നീന്തി രസിക്കുന്നു
കൊമ്പിലിരുന്നൊരു കുയിലമ്മ
പാട്ടുകൾ പാടി രസിക്കുന്നു
പാറേലിരുന്നൊരു കരടിച്ചൻ
അലറിക്കുവി രസിക്കുന്നു
കല്ലേലിരുന്നൊരു തവളച്ചാർ
കോക്രാം പാടി രസിക്കിന്നു
വഴിയേപോകും കഴുതക്കൂട്ടം
നൃത്തം ചെയ്തു രസിക്കുന്നു
കാട്ടിലങ്ങിനെ കാട്ടുകൂട്ടം
പലപല വിദ്യകൾ കാട്ടുന്നു!

ആശ്രിത IX D



# സഹോദര ശ്രുതി

സാഹോദര്യത്തിന്റെ സൗന്ദര്യം തുളുമ്പുന്ന ഒരു കഥയാണ് സഹോദര ശ്രുതി. രണ്ടു കർഷകസഹോദരങ്ങൾ. വിവാഹിതനായ ഇളയസഹോദരന് നാലഞ്ചുമക്കളുണ്ട്. ഒരു രാത്രി അവിവാഹിതനായ ജ്യേഷ്ഠന് അനുജന്റേയും കുടുംബത്തിന്റേയും ഭാവിയെപ്പറ്റിയാലോചിച്ചിട്ട് ഉറക്കംവരുന്നതേയില്ല. എന്റെ അനുജനും കുടുംബത്തിനും വേണ്ടത്ര വരുമാനമില്ല. അതുകൊണ്ട് അവനും കുടുംബവും ഭാവിയിൽ കഷ്ടപ്പെടും...? ഇതോർത്തപ്പോൾ ജ്യേഷ്ഠന് സങ്കടം വന്നു. അന്നു രാത്രി എല്ലാവരും ഉറങ്ങുന്ന സമയം നോക്കി തന്റെ പത്തായത്തിൽ നിന്നു മൂന്നു നാ
ലു ചാക്ക് നെല്ലെടുത്ത് അനുജന്റെ പത്തായത്തിൽ കൊണ്ടുപോയിട്ടു. അന്നുരാത്രിയിൽ അവിവാഹിതനായ ജ്യേഷ്ഠന്റെ ഭാവിയോർത്തിരുന്നിട്ട് അനുജന് ഉറക്കം വന്നില്ല. എനിക്ക് മക്കളെങ്കിലുമുണ്ട്. ഏട്ടന് വയസ്സ് കാലത്ത് ആരാണ്ടവുക? വേണ്ടത്ര പണമുണ്ടെങ്കിൽ അതെങ്കിലുമൊരുപകാരമാവും. അന്നു രാത്രി

അനുജൻ തന്റെ പത്തായത്തിൽ നിന്ന് കുറേ നെല്ലെടുത്ത് ഏട്ടന്റെ പത്തായത്തിൽ കൊണ്ടുപോയി നിറച്ചു. ഇത് ഇടക്കിടെ പരസ്പരമറിയാതെ ചെയ്തുകൊണ്ടിരുന്നു. ഒരു രാത്രി രണ്ടു പേരും ചാക്കുകളിൽ നെല്ലു മായി പത്തായത്തിനു നേരെപോകുമ്പോൾ രണ്ടു പേരും തമ്മിൽ കണ്ടുമുട്ടി..!

അവരിരുവരും ഒന്നുംപറയാനാവാതെ പരസ്പരം നോക്കി നിന്നു. അവരിരുവരുടേയും കണ്ണുകൾ നിറഞ്ഞൊഴുകി...

കാലമേറെ കഴിഞ്ഞു. അവരിരുവരും മരിച്ചുപോയി. ഇരുവരുടേയും സഹോദരസ്നേഹത്തിന്റെ കഥ നാട്ടിലാകെ പരന്നു. ആയിടെ ദേവാലയം പണിയാനുള്ള ആലോചന നടന്നു. അതിനു പറ്റിയ സ്ഥലമായി തിരഞ്ഞെടുത്തത് ഈ സഹോദരങ്ങൾ നെല്ലു ചാക്കുമായി നടക്കുമ്പോൾ പരസ്പരം കണ്ടുമുട്ടിയ സ്ഥലമായിരുന്നു.

# ലിറ്റിൽ കൈറ്റ്സ്

## (അനുഭവക്കുറിപ്പ്)

2018-19 അധ്യയന വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് "**ലിറ്റിൽ കൈറ്റ്സ്**." ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയാണിത്. വിദ്യാർത്ഥികളായ ഞങ്ങൾക്ക് വിവിധ **പരിശീലനങ്ങൾ, വിദഗ്ധരുടെ ക്ലാസുകൾ, ക്യാമ്പുകൾ** എന്നിവ ലഭിക്കുന്നു. ഇത് കൊണ്ട് കമ്പ്യൂട്ടർ പ്രോഗ്രാമുകളെ കുറിച്ച് നല്ല അറിവും നേട്ടവും ഉണ്ടാകുന്നു. **ആനിമേഷൻ, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമാണം, മലയാളം കമ്പ്യൂട്ടിങ്** മുതലായ സോഫ്റ്റ് വെയറുകൾ ഞങ്ങൾ പരിശീലിച്ചു. ഇതിലൂടെ ഭാവിയിൽ പ്രയോജനപ്രദമാകുന്ന പല **സോഫ്റ്റ് വെയറുകളും ഹാർഡ് വെയറും** പരിചയപ്പെടാൻ സാധിച്ചു. കുട്ടികളെ പ്രതീക്ഷകളുടെ ആകാശത്തിലെ "**കൈറ്റാ**"ക്കി മാറ്റുന്ന പ്രോഗ്രാമാണിത്.മിക്ക ദിവസങ്ങളിലെ ശനിയാഴ്ചകളിലും ഞങ്ങൾക്ക് ക്ലാസ് ഉണ്ടാവാറുണ്ട്. അതു മാത്രമല്ല എന്റെ വീട്ടിൽ കമ്പ്യൂട്ടർ ഉണ്ടായിരുന്നെങ്കിലും അതിനെ കുറിച്ചൊന്നും അത്ര അറിവുണ്ടായിരുന്നില്ല. "**ലിറ്റിൽ കൈറ്റ്സ്**" ലേക്കു വന്നപ്പോഴാണ് എല്ലാം എനിക്ക് മനസ്സിലാവാൻ തുടങ്ങിയത്. ഇപ്പോൾ എനിക്ക് കീബോർഡിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ടൈപ്പിങ്
വേഗത്തിൽ ചെയ്യാൻ കഴിയുന്നുണ്ട്. ഇതിന്റെ ക്യാമ്പിനു ഞാൻ പി.എം.ജി സ്കൂളിലേക്കും, കർണ്ണകിയമ്മൻ ഹയർ സെക്കണ്ടറി സ്കൂളിലേക്കും പോയിരുന്നു. ക്യാമ്പിലേക്കു പോയപ്പോൾ കമ്പ്യൂട്ടറിനെ കൂടുതൽ പ്രയോജകരമായി പരിചയപ്പെടുത്തി തന്നു.

അസ്ന ഫാത്തിമ

# മടക്കം

ഞാൻ മൈഥിലി, രാമപത്നി
ജനക പുത്രി
ഉഴവുചാലിൽ പിറന്നവൾ
ഭൂമി പുത്രി

പതിന്നാലു സംവത്സരം
രാക്ഷസ ദേശത്തു വസിച്ചവൾ
'അഭിമാനി'യായ പതിക്കു
മുന്നിൽ
അഗ്നിയിലെരിഞ്ഞ മനസ്സുമായി
ശുദ്ധി നേടിയവൾ
പതിതയായി
വനത്തിലെറിയപ്പെട്ടവൾ
പ്രജാഹിതം
രാമനീതി
അപവാദ ശരങ്ങൾക്ക്
തറയ്ക്കാനിന്ന്, ഇവളിലില്ലാ
ഹൃദയം
രാമനോടില്ലാ പ്രണയവും
ഭൂമിയിൽ നിന്നു വന്നവൾ
മടങ്ങുന്നു, ഭൂമിയിലേയ്ക്ക്.....

അനു X A

# മലയാളം

## പഴഞ്ചൊല്ലുകൾ

*അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില.
*ആരാന്റമ്മക്ക ഭ്രാന്തുപിടിച്ചാൽ കാണാൻ നല്ലചേല്.
*മടിയൻമാർ മലചുമക്കും.
*എല്ലുമുറിയെ പണിചെയ്ത്താൽ പല്ലുമുറിയെ തിന്നാം.
*ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട.
*മത്തൻ കുത്തിയാൽ കുമ്പളം മുളക്കുമോ.
*നിറകുടം തുളുമ്പില്ല.

സമ്പാദനം: ASNA SHERIN.K
9.C

# നാം ചെയ്യേണ്ടത്

നേരത്തെ കാലത്തുണരേണം
ദേഹശുദ്ധിവരുത്തേണം
നാളേയ്ക്കു നീട്ടിവെച്ചീടാതെ
പാഠങ്ങളെല്ലാം പഠിക്കേണം,
മൂത്തവർ ചൊൽവതു കേൾക്കണം
നന്മയെല്ലാർക്കും വരുത്തീടാൻ
നല്ല കാര്യങ്ങൾ നാം ചെയ്യേണം.

Asna sherin.k
9.C

# ക്വിസ്

1.ഗൂഗിൾ,ഫെയ്സ്ബുക്ക് ആസ്ഥാനങ്ങൾ സന്ദർശിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി?

~ **നരേന്ദ്രമോദി.**

2.ഗൂഗിളിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ഭാരതീയൻ?

~**സുന്ദർ പിച്ചൈ.**

3.'GIMP' –ന്റെ പൂർണ്ണരൂപം എന്താണ്?

~**GNU IMAGE MANIPULATION PROGRAM**

4.ഫെയ്സ് ബുക്കിനു ബദലമായി ഭീകര സംഘടനയായ ഐ.എസ് (ഇസ്ലാമിക് സ്റ്റേറ്റ്) ആരംഭിച്ച സോഷ്യൽ നെറ്റ് വർക്ക്?

~ **ഖിലാഫാ ബുക്ക്.**

5.ഈ–മെയിൽ കണ്ടുപിടിച്ച അമേരിക്കൻ ശാസ്ത്രജ്ഞൻ അടുത്തിടെ അന്തരിച്ചു.ആരാണ് ആ മഹാൻ?

~ **റേ ടോം ലിൻസൻ.**

6.ഓൺലൈൻ പെൺവാണിഭം പിടികൂടുവാൻ സംസ്ഥാന പോലീസ് നടത്തിയ റെയ്ഡിനു നൽകിയ പേര്?

~ ഓപ്പറേഷൻ ബിഗ് ഡാഡി.

7.ഫെയ്സ്ബുക്ക് 2016-ൽ വിക്ഷേപിക്കുന്ന സ്വന്തം ഉപഗ്രഹത്തിന്റെ പേരെന്ത്?

~ യൂറ്റൽസാറ്റ് (Eutelsat)

8.ഇന്റർനെറ്റ് എക്സ്പ്ലോറിനു പകരമായുള്ള മൈക്രോസോഫ്റ്റിന്റെ പുതിയ വെബ് ബ്രൗസർ?

~ എഡ്ജ്.

9.'BASIC' -ന്റെ പൂർണ്ണരൂപം എന്താണ്?

~ Beginners All Purpose sympolic Instruction Code.

10.ക്രിയ ചെയ്യാൻ ഉപയോഗിച്ചിരുന്ന അതിപുരാതനമായ ഉപകരണം ഏതാണ്?

~ അബാകസ്

11.ആദ്യ High-Level Computer Language ഏതാണ്?

~ ഫോർട്രാൻ (Fortran)

12.RAM – ന്റെ പൂർണ്ണ രൂപം എന്താണ്?

~ Random Access Memmory

13.Super Computer കണ്ടെത്തിയ വ്യക്തി ആരാണ്?

~ സെയ്മർ ക്രെയ് (Seymercrey)

14.Keybord – ന്റെ മുകൾ ഭാഗത്തായി കാണപ്പെടുന്ന 12 keys – നെ പറയുന്ന പേര്?

~ Function Keys

15.വ്യവസായികാടിസ്ഥാനത്തിൽ ലഭ്യമാക്കപ്പെട്ട ആദ്യ കമ്പ്യൂട്ടർ?

~ UNIVAC I (യൂണിവാക്ക്)

16.ഏത് ആൽജീബ്ര യുടെ അടിസ്ഥാനത്തിൽ ആണ് ചെയ്യുന്നത്?

~ ബൂളിയൻ അൽജീബ്ര

17.കമ്പ്യൂട്ടർ ചരിത്രത്തിൽ ആദ്യത്തെ പ്രോഗ്രാം ആയി വിശ്വസിക്കപ്പെടുന്നത് ആരെയാണ്?

~ **അഗസ്റ്റ ആഡ് ലോവലസ്**

18.മൗസിലെ ഏറ്റവും പ്രധാനപ്പെട്ട ബട്ടൺ ഏതാണ്?

~ **Left button**

19. മെഷീൻ Language- ൽ ഉപയോഗിക്കുന്ന രണ്ട് സംഖ്യകൾ ഏതൊക്കെ?

~ **0,1 (പൂജ്യം, ഒന്ന്)**

20.കമ്പ്യൂട്ടറിന്റെ grand father എന്ന് വിശേഷി ഷിക്കുന്നത് ആരെയാണ്?

~ **ചാൾസ് ബാബേജ്**

21.പ്രധാനമായും കമ്പ്യൂട്ടറിന്റെ എത്ര തലമുറക ളാണ് ഉള്ളത്?

~ **5**

22.ഏത് തരം ടെക്നോളജിയാണ് നിലവിലെ കമ്പ്യൂട്ടർ ഉള്ളത്?

**~ ബൈനറി ലോജിക് (binory logic)**

23.1972 -ൽകണ്ടെത്തിയ കമ്പ്യൂട്ടർ language ഏതാണ്?

**~C Language**

2
4.ഒന്നാം തലമുറ കമ്പ്യൂട്ടർ ഏത് ടെക്നോളജിയുടെ അടിസ്ഥാനത്തിലായിരുന്നു?

**~വാക്വം ട്യൂബ് ടെക്നോളജി**

25.മൗസ് ഉപയോഗിക്കാൻ കമ്പ്യൂട്ടറിൽ വേണ്ട Soft Ware ഏതാണ്?

**~മൗസ് ഡ്രൈവർ**

26.കമ്പ്യൂട്ടറിന്റെ തലച്ചോറ് എന്നറിയപ്പെടുന്ന ഭാഗം ഏതാണ്?

**~Central Processing Unit (CPU)**

27. WWW -ന്റെ പൂർണ്ണ രൂപം ഏതാണ്?

~World Wide Web

28.ഏത് രൂപത്തിലാണ് RAM എഴുതപ്പെട്ടിരിക്കുന്നത്?

~മെഗാ ബൈറ്റ് (Mega Byte)

29.ഉടമസ്ഥതന്റെ അനുമതി ഇല്ലാതെ കമ്പ്യൂട്ടർ പ്രോഗ്രാം കോപ്പി ചെയ്യുന്നതിനെ പറയുന്ന പേര്?

~സോഫ്റ്റ് വെയർ പൈറസി

30.Browser ഉപയോഗിച്ച് ഇന്റെർനെറ്റിൽ വിവരങ്ങൾ തിരയുന്നതിനെ പറയുന്ന പേര്?

~സർഫിങ് (Surfing)

31.ആദ്യത്തെ പോക്കറ്റ് കമ്പ്യൂട്ടർ ഏതാണ്?

~Sharp pc 1211

`

32.ഇന്റെർനെറ്റ് പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന സംഘടന?

~ഇന്റെർനെറ്റ് സൊസൈറ്റി.



# സ്നേഹം

കീറിമുറിച്ച് തുന്നിക്കെട്ടിയ മകളുടെ ശരീരം മുറ്റത്ത് കെട്ടിയുയർത്തിയ പന്തലിലേക്ക് ഇറക്കിവച്ചത് സൗദാമിനി അറിഞ്ഞില്ല. അപ്രതീക്ഷിതമായെത്തിയ വാർത്തയുടെ ആഘാതത്തിൽ ഹൃദയം നിലച്ചുപോയ അവൾ തീവ്രപരിചരണ വിഭാഗത്തിൽ ശ്വാസത്തിനു വേണ്ടി പിടയകയായിരുന്നു.ആരുടെ അടുത്താണിരിക്കേണ്ടതെന്നറിയാതെ പിടയുകയായിരുന്നു രാഘവൻ. തങ്ങളുടെ സ്വകാര്യാഹങ്കാരവും അഭിമാനവുമാണ് അവിടെ തുന്നിക്കൂട്ടിവച്ചിരിക്കുന്നത്. ചുമരിലെ ചിത്രങ്ങളിലൂടക്കിയ കണ്ണുകൾ പറിച്ചെടുക്കാനാകുന്നില്ല.  എവിടെ നിന്നോ ഒരു നൂപുരധ്വനി. പതിഞ്ഞ താളത്തിൽ കാംബോജിയിലൊരു കീർത്തനം. കണ്ണുകളിൽ നിന്നും നീർ പൊടിയുന്നത് അയാൾ അറിയുന്നുണ്ടായിരുന്നില്ല. ഒരു മൊബൈലിന്റെ വിലപോലും അവൾ ഞങ്ങളുടെ സ്നേഹത്തിന് നൽകിയില്ലല്ലോ......

ഗോപിക

# ENGLISH SECTION

# UBUNTU

UBUNTU is a very nice story from Africa.........
The motivation behind the ubuntu culture in
Africa.....
An Anthropologist proposed agame to the
African tribal children......

He placed a basket of sweets near a tree
And the children stand 100 meters away.
Then announced that who ever reaches first
would get all the sweets in the basket.
When he said “ready steady go!”.............

Do you know what these children did?
They all held each others hands,ran together
towards the tree,divided the sweets equally
among themselves, ate the sweets and enjoyed it

When the Anthropologist asked them why they did so,
They answered.....“UBUNTU.”

Which meant-
“How can one be happy when the others are sad?”

Ubuntu in their language means--

“I AM BECAUSE WE ARE”
A strong message for all generations.

Let all of us always have this attitude and
spread happiness where ever we go

Lets have a “Ubuntu” life.......

I AM BECAUSE WE ARE

# QUIZ

***1.Where BIOS is stored?***

Ans = *Flash Memory chip*

***2.A terabyte comprises?***

Ans = *1024 gigabyte*

**3.The world computer has been derived from which of the following language?**

Ans = *Latin*

**4.Printers are measured in**

Ans = *Dpi*

**5.ROM can only perform**

Ans = *Read*

**6.Who invented Java?**

Ans = *James Gosling*

**7.A byte consist of how many bits.**

Ans = *8*

**8.Who is father of modern computers?**

Ans = *Charles Babbage*

**9.Computer cannot perform**

Ans = *Thinking*

**10.1 MB is equal to**

Ans = *1024 KB*

**11.Who invented C++?**

Ans = *Bjarne Stroustrup*

**12. Father of computer?**

Ans = *Charles Babbage*

**13. The ALU performs_**

Ans = *logic*

**14.LAN means**

Ans = *Local Area Network*

**15.The CPU is also known simply as the**

Ans = *processor*

**16. Which following is not malicious?**

Ans = *Driver*

**17.What is full of ALU?**

Ans = *Arithmetic logic unit*

**18.Which among following is not an input device?**

Ans = *Printer*

**19.Computer resolution measures?**

Ans = *Number of pixels*

**20.What converts AC to DC?**

Ans = *SMPS*

**21.Mainframe computer is used to store**

Ans = *Large data*

**22.Computer cannot performs**

Ans = *Thinking*

**23.Java is a**

Ans = *programming Language*

**24.Who was the Founder of Bluetooth?**

Ans = *Ericson*

**25.What is LINUX?**

Ans = *OS*

**26.Memory are how many types**

Ans = *2*

**27.Shortcut key of printing**

Ans = *Ctrl + P*

**28.What is full formof IP?**

Ans = *Internet protocol*


**29.ROM is non volatile**

Ans = *TRUE*

**30.A desktop computer is**

Ans = *PC*

# *TIME*



**When the sun goes down;**
**The stars light the sky,**
**Another day has gone;**
**Another to come by;**
**Don't idle time away,**
**And think it will**
**come back to you one day;**
Use it to the fullest
**Because you don't know;**
**When it shall stay and when it shall go,**
**Believe in life short and sweet,**
**Life a daisy flower;**
**Which blooms at the day,**
**And withers at the hour;**
**Time and tick wait for none,**
**Thus thy makes it sure;**
**To make the most use of it,**
**Before it shall go**

**SHEIGHA X C**

# TAKE TIME TO DO THESE THINGS

Take time to laugh
it is the music of the soul.

Take time to think
it is the source of power.

Take time to play
it is the source of perpetual youth.

Take time to read
it is the fountain of wisdom.

Take time to prey
it is the greatest power on the earth.

Take time to love and be loved
it is a god given privilege.

Take time to be friendly
it is the road of happiness

Take time to give
it is too short a day to be selfish.

Take time to work
it is the price of success.

***SOORAJ .U.M***
9.A



**Plant trees.**

**Prevent erosion &**

**pollution**



# ***Birds and Animals***



***have Feeling***

***Don't be unkind to them.***

# The Afflatus Soldiers



In the vast world;
Soldiers are the greatest men.
They gave their life;
For our survive.
They are so far;
But their moments are near.
To defend for country, they fight;
To guard our boarders day and night.
Even in the full of murk;
They always have work.
We are alive;
Because of their thrive.
All works for their needs;
But they fights for us and bleeds.
They always lead a toughest life;
But they always keep everyone safe.
They are the real hero;
*Their effort is our morrow.*

*GOPIKA IX D*

# HAZARDS OF PLASTIC

In today's world the use of plastic are increasing like anything. We find lots of plastic covers in the streets, sorrounding our houses, schools,hospitals etc. But what is the hazards here?

Plastics remain in the soil and it causes soil pollution. We also throw plastics in water resources like rivers ponds etc.., and it causes water pollution. And in the plastic factories during different process many harmful gases are released in to the atmosphere this causes air pollution. So, totally it results in environmental pollution.

These plastics are also harmful to our own life that is human life . Workers in the plastic factory face many problems. Where plastics are heated to form their final products many carcinogenic gases are released.

Plastics remain as it is in the soil, or water. Due to this many animals like cattle and marine life like dolphins and other fishes are decreasing day by day in their number because the plastics are harmful and toxic.

Is there any end to this problem or any way to solve this problem ?

We use plastic covers for everything in our day to day life. We must soon find a way to recycle these plastics.

These plastics are increasing in number day by day. They may cause many other serious problems. If a whirl-wind blows we can see many plastics floating along with mud. So we must take proper action to solve this problem and avoid health hazards and danger in future. Our government has also taken many
actions like they are introducing paper bags and recycle plastics.



*I think by using paper bags and decreasing the use of plastics we can improve our environment and create a better future.*

*GOPIKA G*
*IXD*

# MERIT AND DEMERITS OF MOBILE PHONES

The different types of communication are television, radio ,newspaper,telephone etc. basically a telephone must be capable of conversion of acoustic signal to electrical signal and vice-versa .as we all know ,Alexander Graham Bell invented telephone in 1874 in ontario he formed the bell telephone company in 1877.the first telephone invented by him was called antique phone .

In 1948 the Indian telecom industries was established. In 1881-82 the first 50-line telephone exchange and in 1896 MahaNagar telephone Nigam was born .it controls New Delhi and  Mumbai . Questions regarding mobile communication are grouped separately from those on fixed net work communication due to a number of technical and regulatory considerations .Since the need for regulation stems from the use of radio frequency in the access portion of the network,we will begin with the technical aspects .

Radio spectrum is limited resource that has traditionally been shared between. For example: Television ,radio ,government ,military and private

users and mobile phone network operators . In technical sense,a mobile phone user is a two way broadcaster ,requiring two radio channels , one from and the other to the user .

Due to the rapid increase in popularity and prestige in owning mobile phones,the number of student subscribers has increased in leaps and bounds in resent years . Mobile phone users ranging from students and intellectuals often pay no respect to others while using their phones.

When instruction becomes boring and the students start the dozing off,a pleasant message in an interesting melody can be refreshing. It might help them to concentrate on the lecture again .

When senile people or innocent children go missing,the guardians can make sure where they are by using satellite based positioning system. And it must be fresh in your memory that some people tried to be helped under the rubble of World Trade Centre. Sometimes the log of mobile phone become the evidence of the crime . In the event of emergencies we can make contact with our family. Thanks to our mobile phone. In this way mobile

phones are a very good,convenient ,the crown of science and technology .

If we own a mobile phone they attack us any time and any where mobile phone attack us physically and mentally .First of all they attack us physically by electromagnetic waves , which weakens our memory,concentration and healthy condition . Secondly they attack us mentally by destroying our peace of mind . In colleges and educational institutions using mobile phones brings bad consequences directly or indirectly .the direct consequence is that a student using a mobile phone can't acquire much knowledge because he or she cannot actively participate in lecture . The in direct consequence is that the class room atmosphere is gradually being destroyed . Student them selves are aware that mobile phone etiquette is badly needed . The fist responsibility of students in a class is to study and not to socialize with friends so merits and de-merits are like the two faces of the same coin. If we want to take advantage of the mobile phone we should be accept both the merits and de-merits of mobile phones.

Keerthana
Haripriya

# Riddles

1. I am an animal of four letters. My first three letters is a name of a place, my last two letters is a preposition and my first two letters is a verb. Who am I ?


2. I am a worshipping place. I am a six letter world. My first two letters and last two letters are same. Middle is ' YOU ARE ' Who am I ?

Answer :-1) Goat 2) Church

# BOOKS ARE KEYS

"Books are keys to wisdom's treasure:
Books are gates to lands of pleasure:
Books are paths that upward lead:
Books are friends,come,let us read."

JITHESH K.C
9.C



# വര



# हिन्दी विभाग

# पर्यावरण

*पर्यावरण क्या है ? जल, वायु, जमीन के अतिरिक्त इन ईशवर प्रदत वस्तुऔ के आपस एव मानव प्राणी, अन्य जीवित प्राणी, पॆड-पैधै, सूक्ष्म-जीव तथा अन्य प्राकृतिक सम्पदा के साथ संबंध को पयविण की संज्ञा दी जा सकती है . हमारी सारी व्यक्तिगत या सामूहिक समस्याए, पयविरण पर प्रभाव डालती.*


*आज, जैसे जैसे मानव अपने लिए अैर अपने जीवन के गुणत्व मैं सुधार लाने का निरंतर प्रयास कर रहा है. कैसे हि विशाल रूप से शहरीकरण और तीव् औधोगिक प्रगति है, बहुत दिनों तक हमारा पयविरण इसे स्वीकार करता रहा पर अब मनुष्य की बढती आबादी तथा, अपनी सिद्धियों में होड के कारण उत्पतृ हुई गतिविधियों*

*के कुप्रभाव को प्रकृति सहन करने में असमथी*

*हो गाई है. इसके फलस्वरूप , पयविरण प्रदूषण भी आरंभ होगया और आज हम इस भयंकर मोड पर पहुंच गाए है जहाम कहा जाता है कि भूमी के नष्ड होने की घडी अब दूर नहीं है.*

*अस्ना फात्तिमा 9A*

# कविता



## मोर

मोर है ऐसा परिदा
जो कभी नही होगा गंदा
लेगों का मन बहलता है उसका धंधा
इसके पंख पर है ऐसी निाशान
जो बढाती हैं उसका मान
इसके सर पर है एक ताज
जंगल में वह करता है राज
मैनें उसको देखै आज
और सुनिी उसकि मधुर आवाज
बारिश में वह नाचता है
और अपना रुप दिखाता है
देखने में यह है बहुत सुदंर
असर पटता है सबके दिल पर
ऐसी परिदा है मोर


*सब देखते है उसकि आरे*

*अस्ना XA*

# तुम्ही हो माता

तुम्ही हो माता , पिता तुम्ही हो ।
तुम्ही हो बंधु , सखा तुम्ही हो ।।
तुम्ही हो साथी , तुम्ही हो सहारे ।
कोइ न अपना सिवा तुम्हारे ।।
तुम्ही हो नैय्या , तुम्ही खिवय्या ।
तुम्ही हो बंधु , सखा तुम्ही हो ।।
जो खिले ना वो फूल हम है ।
तुमहारी चरणों की धूल हम है ।।
दया की द्रष्टी सदा ही रखना ।
तुम्ही हो बंधु. सखा तुम्ही हो ।।

# *PEOPLE WHO MADE OUR DREAM COME TRUE*



***CHARLES BABBAGE***

***LARRY PAGE***
***SERGEY BRIN***





***TIM BERNERS LEE***

## ***MARK RICHARD SHUTTLE WORTH***





## ***JOHN O'SULLIVAN***

# ........നന്ദി.......

............ഞങ്ങളുടെ ഈ എളിയ പ്രവർത്തനത്തിന് സഹായിച്ച എല്ലാ അധ്യാപകർക്കും ,സൃഷ്ടികൾ നല്കിയവർക്കും, ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി കൂടെ നിന്നവർക്കും...............